# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 990

05.03.2018-ൽ മറുപടിക്ക്

## റാന്നി മണ്ഡലത്തിലെ സ്മാർട്ട് സ്കൂൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി |
| എ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളും സ്മാർട്ടാക്കുക എന്ന ലക്ഷ്യം എന്ന് കൈവരിക്കാനാകും എന്ന് പറയാമോ ; | എ) സംസ്ഥാനത്തെ4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി- വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22 ന് ആരംഭിച്ചു. 2018 ജൂൺ 1 ന മുൻപ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി.ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. |
| ബി) സംസ്ഥാനത്തെ എയ്ഡഡ്/ സർക്കാർ ഹയർ സെക്കണ്ടറികളെയും ഹൈസ്കൂളുകളെയും പദ്ധതിയുടെ ആദ്യഘട്ടത്തിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; ഒന്നാം ഘട്ട പദ്ധതി എന്ന് പൂർത്തീകരിക്കാനാവും എന്ന് പറയാമോ ; | ബി) പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ നടത്തേണ്ട പ്രവർത്തനങ്ങൾ (സുരക്ഷിതമായ മുറി, ടൈൽ പാകിയ തറ, സീലിംഗ്, പെയിൻറിംഗ്, വൈദ്യുതീകരണം, ഷെൽഫ്) പൂർത്തിയാക്കിയ സ്കൂളുകളെയാണ് മുൻഗണനാക്രമത്തിൽ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.2018 ജൂൺ 1 ന് മുമ്പ് സജ്ജമാകുന്ന എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ് മുറികളിലേക്കും ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |
| സി) പദ്ധതിയുടെ ഭാഗമായി ഏതൊക്കെ ഉപകരണങ്ങളാണ് ഓരോ സ്മാർട്ട് ക്ലാസ് മുറിയ്ക്കും സർക്കാർ നൽകുന്നത് എന്ന് വിശദമാക്കാമോ ; | സി) ഓരോക്ലാസിലേയ്ക്കും ലാപ് ടോപ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്ഷന് അനുയോജ്യമായ സ്ക്രീൻ, യു.എസ്.ബി.സ്പീക്കർ, ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് സൗകര്യം, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടിഫങ്ഷൻ പ്രിൻറർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി.അധിഷ്ഠിത പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവർക്ക് പരിശീലനം ഉടങ്ങിയവ ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാക്കും. |

| | | | |
|---|---|---|---|
| ഡി) | സ്മാർട്ട് ക്ലാസ് മുറി അനുവദിക്കുന്നതിന്റെ ഭാഗമായി സ്കൂൾ അധികൃതർ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ ; | ഡി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളിന് ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അതത് സ്കൂൾ അധികൃതർ തന്നെയായിരിക്കണമെന്ന് നിബന്ധനപ്പെടുത്തിയിട്ടുണ്ട്. പൊടിശല്യം തീരെയില്ലാത്ത മുറി (ടൈലുപാകിയ തറ, മേൽക്കൂര ഓട് പാകിയ കെട്ടിടമാണെങ്കിൽ സുരക്ഷിതമായ സീലിംഗ്, പെയിൻറ് ചെയ്ത് വൃത്തിയാക്കിയ ചുവരുകൾ), ഓരോക്ലാസിലും സുരക്ഷിതത്വം ഉറപ്പുവരുത്തിയുള്ള വൈദ്യുതീകരണം, ഉപകരണങ്ങൾ സൂക്ഷിക്കാനാവശ്യമായ ഷെൽഫ്/ ലോക്കർ സംവിധാനങ്ങൾ എന്നിവയാണ് സ്കൂളുകൾ സജ്ജമാക്കേണ്ടത്. |
| ഇ) | സർക്കാർ പ്രഖ്യാപിച്ച പദ്ധതിയിൽ പേര് ഉൾപ്പെടുന്ന ഹൈസ്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ എങ്ങിനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ; | ഇ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഐ.ടി. സംബന്ധമായവിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി രൂപീകൃതമായ ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർഎഡ്യൂക്കേഷൻ (കൈറ്റ്) ദേശീയ ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ഉപകരണങ്ങൾ കൈറ്റിന്റെ ജില്ലാ ഓഫീസ് മുഖേനയാണ് സ്കൂളുകൾക്ക് ലഭ്യമാക്കുന്നത്. |
| എഫ്) | റാന്നി നിയോജക മണ്ഡലത്തിലെ സി.എം.എസ്.ഹൈസ്കൂൾ, എബനേസർ എച്ച്.എസ്.എസ്.ഈട്ടിച്ചുവട് (എച്ച്.എസ്.എസ്.വിഭാഗം), എൻ എസ്.എസ്.എച്ച്.എസ്.എസ്.വായ്പൂര് (എച്ച്.എസ്.എസ്,.വിഭാഗം) എന്നീ സ്കൂളുകൾ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ ഇവിടെ എങ്ങനെയാണ് സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | എഫ്) | റാന്നി നിയോജക മണ്ഡലത്തിലെ സി.എം.എസ്.ഹൈസ്കൂൾ, എബനേസർ എച്ച്.എസ്.എസ് ഈട്ടിച്ചുവട് (എച്ച്.എസ്.എസ്.വിഭാഗം),എൻ.എസ്.എസ്. എച്ച്.എസ്.എസ്.വായ്പൂര്(എച്ച്.എസ്.എസ്,.വിഭാഗം) എന്നീ സ്കൂളുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ